(സി) മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ സ്റ്റാഫ് പാറ്റേൺ പുതുക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത നിവേദനത്തിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കാമോ;

(ഇ) നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ആരോഗ്യവകുപ്പ് മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുമായി ചർച്ച ചെയ്യുന്നതിന് സന്നദ്ധമാകുമോ;

(എഫ്) ആരോഗ്യവകുപ്പിൽ പുതിയതായി 1250 വിവിധ തസ്തികകൾ സൃഷ്ടിച്ചതിന് ആനുപാതികമായി മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരെ നിയമിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ആശുപത്രികളിലെ മിനിസ്റ്റീരിയൽ ജീവനക്കാരുടെ പാറ്റേൺ സർക്കാർ ഉത്തരവ് ആർ.ടി. 3150/61/ഹെൽത്ത് നമ്പരായി 2-8-1961-ൽ ഇറങ്ങിയ ഉത്തരവ് പ്രകാരമാണ് നിലവിലുള്ളത്.

(ബി) ഇപ്പോൾ ആലോചനയില്ല.

(സി) ഉണ്ട്.

(ഡി) നിവേദനം പരിശോധിച്ചുവരുന്നു.

(ഇ) ചർച്ച ചെയ്യേണ്ടതായി വന്നാൽ അക്കാര്യം അപ്പോൾ തീരുമാനിക്കുന്നതാണ്.

(എഫ്) പുതുതായി സൃഷ്ടിച്ച 1200 തസ്തികകൾക്ക് ആനുപാതികമായി മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ തസ്തിക സൃഷ്ടിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല.

കാസർഗോഡ് ജില്ലയിലെ പി.എച്ച്.സി.-കളിൽ തസ്തികകൾ അനുവദിക്കാൻ നടപടി

154 [2647] ശ്രീ. കെ.പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഉണ്ടായിട്ടും തസ്തികകൾ അനുവദിക്കാത്തതിനാൽ ഐ.പി. വിഭാഗം പ്രവർത്തിക്കാനാകാതെ കാസർഗോഡ് ജില്ലയിലെ കയ്യൂർ, മാവിലാക്കടപ്പുറം, കൊടക്കാട്, ചിറ്റാരിക്കാൽ, നറുക്കിലക്കാട്, പടന്ന, ചെറുവത്തൂർ പി.എച്ച്.സി.-കളിലും കണ്ണൂർ ജില്ലയിലെ പുളിങ്ങോം, പെരിങ്ങോം, കാങ്കോൽ പി.എച്ച്.സി.-കളിലും ആവശ്യമായ തസ്തികകൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ ആന്റ് ബി) 15-7-2004-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നം.152/2004/ ആകുവ. അനുസരിച്ച് കാസർഗോഡ് ജില്ലയിലെ ചിറ്റാരിക്കൽ, നറുക്കിലക്കാട്, പടന്ന, ചെറുവത്തൂർ കണ്ണൂർ ജില്ലയിലെ പുളിങ്ങോം, പെരിങ്ങോം, കണ്ണോൾ എന്നീ പി.എച്ച്.സി.-കളിൽ അധിക തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ കയ്യൂർ, മാവിലാക്കടപ്പുറം, കൊടക്കാട്, എന്നിവിടങ്ങളിൽ കിടത്തി ചികിൽസിക്കുന്നതിനുള്ള കെട്ടിടങ്ങൾ നിലവിൽ ലഭ്യമല്ലാത്തതിനാൽ ഈ കേന്ദ്രങ്ങളിൽ അധിക തസ്തിക സൃഷ്ടിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ പത്തനംതിട്ട, കോട്ടയം, തൃശ്ശൂർ ജില്ലകളിലെ പി. എസ്. സി. ലിസ്റ്റ്

155 [2648] ശ്രീ. സ്റ്റീഫൻജോർജ്ജ്:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. തോമസ് ഉണ്ണിയാടൻ:
" ജോസഫ് എം. പുതുശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പത്തനംതിട്ട, കോട്ടയം, തൃശ്ശൂർ ജില്ലകളിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ ഈ ലിസ്റ്റിൽനിന്നും എത്രപേരെ നാളിതുവരെ നിയമിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) റാങ്ക്ലിസ്റ്റിന്റെ കാലാവധി എന്നവസാനിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) നിലവിൽ കോട്ടയം, തൃശ്ശൂർ ജില്ലകളിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ എത്ര ഒഴിവുകൾ ഉണ്ടെന്ന് അറിയിക്കാമോ;

(ഡി) ഒഴിവുണ്ടെങ്കിൽ പി.എസ്.സി. ലിസ്റ്റിൽനിന്നും നിയമനം നടത്താത്തതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ;

(ഇ) പി.എസ്.സി. ലിസ്റ്റിന്റെ കാലാവധി അവസാനിക്കാറായതിനാൽ നിലവിലുള്ള ഒഴിവുകളിലേക്ക് നിയമനം നടത്താൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിലുണ്ട്. പത്തനംതിട്ട ജില്ലയിലെ റാങ്ക്ലിസ്റ്റിൽനിന്ന് ആർക്കും നിയമനം നൽകിയിട്ടില്ല. എന്നാൽ കോട്ടയം ജില്ലയിൽനിന്ന് 15 പേർക്കും തൃശ്ശൂർ ജില്ലയിൽനിന്ന് 66 പേർക്കും നിയമനം നൽകിയിട്ടുണ്ട്.

(ബി) ഉത്തരം ചുവടെ ചേർക്കുന്നു:

പത്തനംതിട്ട	..	13-8-2005-ൽ
കോട്ടയം	..	ജനുവരി 2005-ൽ
തൃശ്ശൂർ	..	30-7-2005-ൽ

LIBRARY ARCHIVES Kerala Legislative Assembly